പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3305 22.08.2017 ൽ മറുപടിയ്ക്ക്

**പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയവരുടെ പെൻഷൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ അബ്ദു റബ്ബ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ 2011-2016 കാലഘട്ടത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയവർക്ക് പെൻഷൻ നൽകിത്തുടങ്ങിയോ; നടപടിക്രമങ്ങൾ വിവരിക്കാമോ;<br><br>ബി പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവരുടെ പെൻഷൻ നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; പെൻഷൻ ലഭ്യമാക്കുന്നതിന് ഇവരിൽ ഓരോരുത്തർക്കും ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങളെന്താണ് ; വിശദമാക്കുമോ? | എ & ബി | 2011-2016 കാലഘട്ടത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്നവരിൽ, 432 പേർ പേഴ്സണൽ സ്റ്റാഫ് പെൻഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 76 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവരുടെ പെൻഷൻ അപേക്ഷകളിലും നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻഓഫീസർ

<u>അനുബന്ധം</u>

അപേക്ഷകർ പെൻഷൻ അപേക്ഷ തരുന്ന മുറയ്ക്ക് ടി അപേക്ഷയിൽ താഴെ പറയുന്ന രേഖകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നു.

1) സർക്കാരിനുള്ള ഫോർമൽ അപേക്ഷ
2) ഫോറം എ യിലുള്ള അപേക്ഷ (2 set)
3) ഫോറം 5 എ യിലുള്ള അപേക്ഷ – കുടുംബത്തിന്റെ വിവരങ്ങൾ (2 set)
4) ഡിസ്ക്രിപ്റ്റീവ് റോൾ (കുടുംബ ഫോട്ടോ സാക്ഷ്യപ്പെടുത്തരുത്) (2 set)
5) ഡി സി ആർ ജി യുടെ നാമനിർദ്ദേശം (2 set)
6) ഫോറം ഇ പൂരിപ്പിച്ചത് (2 set)
7) പെൻഷന്റെ ആജീവനാന്ത കുടിശ്ശികയുള്ള നാമനിർദ്ദേശം (2 set)
8) പെൻഷൻ അരിയറിനുള്ള നോമിനേഷൻ ഫോറം (2 set)
9) പെർമനന്റ് അഡ്രസ് (2 set)
10) അപേക്ഷകന്റെ ഫോട്ടോഗ്രാഫ് പുറകിൽ സാക്ഷ്യപ്പെടുത്തിയത് (2 set)
11) അപേക്ഷകന്റെ നിയമന വിടുതൽ ഉത്തരവുകൾ (റീ ഡെസിഗ്നേഷൻ ഉൾപ്പെടെ) മുൻ സർവീസ് ഉണ്ടെങ്കിൽ ആയതു സഹിതം
12) പെൻഷൻ ബുക്കുകൾ പൂരിപ്പിച്ചത് (2 set)

അപേക്ഷകന്റെ സേവന പുസ്തകവുമായി അപേക്ഷകൻ തന്നിരിക്കുന്ന വിവരങ്ങൾ എല്ലാം ക്രമപ്രകാരമാണോ, യോജിക്കുന്നുണ്ടോ എന്ന് പരിശോധിച്ചതിനു ശേഷം പെൻഷൻ ബുക്കുകളും മറ്റ് രേഖകളും ഓഫീസ് മേധാവിയും പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയും സാക്ഷ്യപ്പെടുത്തുകയും ആയതിന് ശേഷം ടി രേഖകളും പെൻഷൻ ബുക്കുകളും സേവനപുസ്തകവും വേരിഫിക്കഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയ്ക്ക് അയയ്ക്കുകയും ചെയ്തു വരുന്നു. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യിൽ നിന്നും വേരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, പ്രസ്തുത വേരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റും ലാസ്റ്റ് പേ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ട്രഷറിയിൽ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷകന് പെൻഷൻ ആനുകൂല്യങ്ങൾ ട്രഷറിയിൽ നിന്നും ലഭ്യമാകുന്നതാണ്.

സെക്ഷൻഓഫീസർ